# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2257 08.12.2015 ൽ മറുപടിയ്ക്ക്

## സൗരോർജ്ജ വൈദ്യുതി

**ചോദ്യം**

ശ്രീ.കെ.അജിത് :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സൗരോർജ്ജ വൈദ്യുതി വഴി എത്ര യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ടെന്നും സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി സംസ്ഥാനത്തെ ആകെ ഉത്പാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) യും (ബി)യും

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന 10,000 സൗരഗൃഹ പദ്ധതി വഴി ഒരു കിലോവാട്ട് സ്ഥാപിത ശേഷിയുള്ള 8000 ത്തിലധികം സൗര പ്ലാന്റുകൾ സ്ഥാപിച്ചതിലൂടെ പ്രതിദിനം ഏകദേശം 28000 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചതായി കണക്കാക്കിയിട്ടുണ്ട്. ഇതിനു പുറമെ, വിവിധ കെട്ടിടങ്ങളിലായി സ്ഥാപിച്ച 363 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള പവർപ്ലാന്റുകളിൽ നിന്നും പ്രതിദിനം ഏകദേശം 1270 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡ് വഴി 1.146 MW സ്ഥാപിത ശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സൗരോർജ്ജ വൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി അനെർട്ട് കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10,000 സൗരഗൃഹ പദ്ധതി, സോളാർ കണക്ട് ശൃഖംലാ ബന്ധിത പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്നതിന് 2012-13 കാലഘട്ടത്തിൽ 110 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റ് പദ്ധതികൾ ഡെമോൺസ്ട്രേഷൻ സ്കീമിൽ ഉൾപ്പെടുത്തി സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് കുഴൽമന്ദത്ത് അനെർട്ടിന് സ്വന്തമായി 2 മെഗാവാട്ട്

സോളാർ പ്ലാന്റ് സ്ഥാപിക്കാൻ സർക്കാർ **അനുമതി നൽകുകയും, അതിന്റെ ടെണ്ടർ** നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടങ്ങളുടെ **മേൽക്കൂരകളിൽ ഉപഭോക്താക്കൾ സ്ഥാപിക്കുന്ന** സൗരോർജ്ജ പാനലുകൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. ടി വൈദ്യുതിയ്ക്ക് ബോർഡ് വില നൽകുകയും ചെയ്യുന്നു. Off grid solar പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് 1 രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നതിനുള്ള നടപടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വീകരിച്ചു വരുന്നു.

നിലവിലുള്ള പ്ലാന്റുകളിൽ നിന്നും ഉത്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി സംസ്ഥാനത്തെ പ്രതിദിന ആവശ്യകതയായ 62.78 ദശ ലക്ഷം യൂണിറ്റിന്റെ (മെയ് 2015 ലെ ശരാശരി പ്രതിദിന ഉപഭോഗം) നന്നേ ചെറിയ ശതമാനം മാത്രമാണ്.

**സെക്ഷൻ ഓഫീസർ**